(ബി) ഉണ്ടെങ്കിൽ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെന്നപോലെ ഇവിടെയും സംവരണാനുകൂല്യം നൽകാൻ ഈ അദ്ധ്യയന വർഷം തന്നെ നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വയസ്സിൽ ഇളവ് അനുവദിച്ചിരിക്കുന്നതുപോലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും വയസ്സിൽ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) G. O. (P) 2022/66/Edn. dt. 30-7-1966 അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ ഇല്ലാതെ വരുന്നപക്ഷം അവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ "അദർ എലിജിബിൾ" കമ്മ്യൂണിറ്റിയിൽപ്പെട്ടവർക്ക് നൽകാൻ ഈരംഗ സ്ഥാപനങ്ങളിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സിനുള്ള പ്രവേശനത്തിന് പിന്നോക്ക വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ അദ്ധ്യയന വർഷവും പ്രസ്തുത ആനുകൂല്യം ഇല്ലാതെയാണ് പ്രവേശനം നടത്തിയത്.

(സി) പ്രീഡിഗ്രി പ്രവേശനത്തിന് മറ്റു പിന്നോക്കവിഭാഗങ്ങൾക്ക് നിസർവേഷനോ വയസ്സിളവോ ഇല്ലാത്ത സാഹചര്യത്തിൽ പൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സിനും ഇതനുവദിക്കാൻ നിർവാഹമില്ല.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ അപേക്ഷകർ ഇല്ലാതെ വരുന്ന പക്ഷം അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സീറ്റുകൾ ഇതരവിഭാഗക്കാർക്ക് നൽകിവരുന്നുണ്ട്.

## മുനിസിപ്പൽ തൂപ്പുകാർക്കും, പോർട്ടർമാർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

879 [260] ശ്രീ. എം.വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ തൂപ്പുകാർക്കും, പോർട്ടർമാർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഈ പദ്ധതിപ്രകാരം ഓരോ തൊഴിലാളിക്കും ആശ്രിതർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക?

ഉത്തരം

(എ) തൽക്കാലം പദ്ധതി ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly